<u>ഭരണഭാഷ – മാതൃഭാഷ</u>

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ഹയർസെക്കന്ററി വിഭാഗം
ഉള്ളൂർ ലെയിൻ,ജഗതി,
തിരുവനന്തപുരം-695014
ഇ-മെയിൽ-dirdhse.dge@kerala.gov.in
ഫോൺ-0471-2580752

നം:എച്ച്.എസ്.ഇ/5598/2023-എഡി.എ5 തീയതി: 29-06-2024

<u>പരിപത്രം</u>

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ് – ഹയർ സെക്കന്ററി വിഭാഗം സായുധസേനാ പതാകദിന സ്റ്റാമ്പ് – കുടിശ്ശിക അടവാക്കുന്നത് – സംബന്ധിച്ച്.

സൂചന :1 തിരുവനന്തപുരം ജില്ലാ സൈനികക്ഷേമ ഓഫീസിൽ നിന്നും ലഭിച്ച കത്ത് നം.എ2/എഫ്.ഡി/13392/2023 തിയതി 18/06/2024

2 സായുധസേനാ പതാകദിന സ്റ്റാമ്പ് കുടിശ്ശിക അടവാക്കുന്നത് സംബന്ധിച്ച് നൽകിയിരുന്ന ഇതേ നമ്പർ പരിപത്രം തിയതികൾ 18/06/2023,11/04/2024

2014 മുതൽ 2023 വരെയുള്ള കാലയളവിൽ തിരുവനന്തപുരം ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ നിന്നും ജില്ലയിലെ ഹയർസെക്കന്ററി സ്കൂളുകളിൽ വിതരണം ചെയ്ത സൈനിക ക്ഷേമത്തിനായുള്ള സായുധസേനാ പതാകദിന സ്റ്റാമ്പുകളുടെ കുടിശ്ശിക ഇനത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്ന ഹയർ സെക്കന്ററി സ്കൂളുകളിൽ നിന്നും കുടിശ്ശിക ലഭിക്കാനുണ്ടെന്ന് സൂചന പ്രകാരം അറിയിച്ചിരിക്കുന്നു. കുടിശ്ശിക തുക അടവാക്കുന്നത് സംബന്ധിച്ച് സൂചന (2), (3) എന്നിവ പ്രകാരം അറിയിപ്പ് നൽകിയിരുന്നെങ്കിലും ഒട്ടു മിക്ക സ്കൂളുകളും കുടിശ്ശിക തുക

അടവാക്കിയിട്ടില്ല.

പതാക ദിന സ്റ്റാമ്പുകളുടെ കുടിശ്ശിക നിവാരണത്തിനായി അറിയിപ്പുകൾ നല്കിയിട്ടും ഇനിയും കുടിശ്ശിക തുക അടവാക്കുന്നതിന് നടപടി കൈക്കൊള്ളാത്ത സ്കൂൾ പ്രിൻസിപ്പൽമാർ/അധികാരികൾ 2024 നവംബർ മാസത്തിൽ ചേരുന്ന സായുധസേനാ പാതകദിന വാർഷിക യോഗത്തിൽ ഹാജരായി വിശദീകരണം ബോധിപ്പിക്കേണ്ടതാണെന്ന് ബഹു:തിരുവനന്തപുരം ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സാഹചര്യം ഒഴിവാക്കുന്നതിനായി സായുധ സേനാ പതാകനിധിയുടെ ഇനത്തിൽ കുടിശ്ശികയുള്ള ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർ/അധികാരികൾ കുടിശ്ശിക തുക ക്യാഷ്/മണി ഓർഡർ/ഡിമാന്റ് ഡ്രാഫ്റ്റ് ആയി അടിയന്തിരമായി ജില്ലാ സൈനികക്ഷേമ ഓഫീസർ, വഞ്ചിയൂർ, തിരുവനന്തപുരം-695035 എന്ന വിലാസത്തിൽ അടവാക്കി തുടർ നടപടികളിൽ നിന്നും ഒഴിവാകേണ്ടതാണെന്ന് നിർദ്ദേശം നൽകുന്നു.തുക ഒടുക്കാത്ത പക്ഷം ഈ തുക ബന്ധപ്പെട്ട അധികാരികളുടെ ബാധ്യതയായി കണക്കാക്കുന്നതാണ്. തുക ഒടുക്കിയ വിവരം ഈ ഓഫീസിലേക്ക് അറിയിക്കേണ്ടതാണ്.

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (I/C)**

അനുബന്ധം: കുടിശ്ശിക ഒടുക്കാനുള്ള സ്കൂളുകളുടെ പട്ടിക

പകർപ്പ്: 1) തിരുവനന്തപുരം ജില്ലയിലെ എല്ലാ ഹായർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും

2) മേഖലാ ഉപമേധാവി,തിരുവനന്തപുരം